**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം ലക്ഷ്യമാക്കി സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രം ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സർവ്വകലാശാലകളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണെന്ന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ധനസഹായമായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സെന്ററുകളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽ നിന്ന് 500 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപി ച്ചിട്ടുണ്ട്. |
| (ബി) | ഗവേഷണമടക്കമുള്ള ഏതെല്ലാം മേഖലകളിലാണ് സമഗ്ര പരിഷ്കാരം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. വടക്കൻ കേരളത്തിലെ ഗവേഷകർക്ക് ആവശ്യമായ പിന്തുണ നൽകലാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. Kerala Knowledge Economy Mission-ന്റെ ഭാഗമായി നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കാനും യുവതീയുവാക്കളെ പുതിയ തൊഴിൽ മേഖലകൾക്ക് സജ്ജരാക്കാനും ലക്ഷ്യമിട്ടുകൊണ്ട് Kannur University Centre for Studies in Transformative Futures എന്ന സംരംഭം ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ അന്താരാഷ്ട്ര തലത്തിലുള്ള മികവിന്റെ കേന്ദ്രം ആക്കുന്നതിന് കേരള സർക്കാർ കിഫ്ബി പദ്ധതി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വ കലാശാലയിൽ ഒന്നിലധികം വിഭാഗങ്ങളിലെ ഗവേഷണ സാധ്യതകൾ പരി പോഷിപ്പിക്കുന്നതിനായി Interdisciplinary Research Centres നിലവിലുണ്ട്. മലയാള സർവ്വകലാശാലയിൽ ക്ലാസിക്കൽ ഭാഷയായി മലയാളത്തെ മാറ്റിയെടുക്കാനുള്ള സമഗ്ര ഗവേഷണങ്ങൾ നടന്നുവരുന്നു. മഹാത്മാഗാന്ധി |

| | | | |
|---|---|---|---|
| | | | സർവ്വകലാ ശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള Material Science, Articicial Intelligene & Robotics, Data Analytics, Nanoscience & Technology, Food Science B.Voc., Integrated Sciences, Social Sciences, MCA, B.Arch, MHRM, BHM, B.Com, M.Com, MBA എന്നീ പ്രോഗ്രാമുകൾ നടത്തിവരുന്നു. |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമഗ്ര മാറ്റത്തിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഉന്നതാധികാര കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമഗ്ര മാറ്റത്തിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ